## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 398** **09.02.2016-ൽ മറുപടിയ്ക്ക്**

## കെ. എസ്. ഇ. ബി. യിലെ പെൻഷൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. കമ്പനിയാക്കിയതിനുശേഷമുള്ള നടപടി ക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഇ.ബി.യെ കമ്പനിവൽക്കരിക്കുന്നതിന്റെ ഭാഗമായി അതിന്റെ ആസ്തി ബാധ്യതകൾ 25.09.2008-ൽ സംസ്ഥാന സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിരുന്നു.<br><br>തുടർന്ന് 14.01.2011 ന് കെ.എസ്.ഇ.ബി., കമ്പനീസ് ആക്റ്റ് 1956 പ്രകാരം, 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്' എന്ന പേരിൽ സംസ്ഥാപനം (Incorporation) ചെയ്യപ്പെടുകയും 'രജിസ്ട്രാർ ഓഫ് കമ്പനീസ് ' — ൽ നിന്നും Certificate of Incorporation ലഭിക്കുകയും ചെയ്തു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ മെമ്പർമാരെ ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടർമാരായി സർക്കാർ നിയമിച്ചു. സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന കെ.എസ്.ഇ.ബി.യുടെ ആസ്തി ബാധ്യതകൾ 31.10.2013-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കിയിട്ടുണ്ട്. തുടർന്ന് 30.11.2013-ൽ കമ്പനിയുടെ വിപുലമായ ഡയറക്ടർ ബോർഡും സർക്കാർ രൂപവൽക്കരിച്ചു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ പെൻഷൻകാരുടെയും, റീവെസ്റ്റ് ചെയ്യുന്ന സമയത്തുണ്ടായിരുന്ന ജീവനക്കാരുടെയും പെൻഷൻ, ഗ്രാറ്റുവിറ്റി മുതലായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ട്രാൻസ്ഫർ സ്കീം പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ & ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ വരവ് ചെലവ് കണക്കുകൾ കമ്പനീസ് ആക്റ്റിന് |

വിധേയമായി തയ്യാറാക്കപ്പെടുന്നു.

'കമ്പനീസ് ആക്ട് 1956' ഭേദഗതി ചെയ്തു കൊണ്ടുള്ള 'കമ്പനീസ് ആക്ട് 2013' ലെ ബന്ധപ്പെട്ട വകുപ്പുകളും ചട്ടങ്ങളും പാലിക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | കെ. എസ്. ഇ. ബി. യുടെ ഇപ്പോഴത്തെ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 01.04.2013-ന് മുൻപ് സർവ്വീസിൽ വന്ന ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായവും 01.04.2013-ന് ശേഷം സർവ്വീസിൽ വന്ന ജീവനക്കാർക്ക് NPS എന്ന കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായവുമാണ് നിലവിലുള്ളത്. |
| (സി) | കമ്പനിയുടെ പെൻഷൻ ഫണ്ടിൽ നിന്നാണോ പെൻഷൻ നല്കുന്ന തെന്നു വ്യക്തമാക്കുമോ ? | (സി) | കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. ജനുവരി 2016 മുതലുള്ള പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് വഴിയാണ് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ.**